# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1283** **05.03.2020-ൽ മറുപടിയ്ക്ക്**

## പന്നിവേലിച്ചിറയിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതിവീണാ ജോർജ്ജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറയിൽ ഫിഷറീസ് വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറയിൽ ഫിഷറീസ് വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിന്റെ നവീകരണത്തിനും ഗിഫ്റ്റ് ഹാച്ചറി നിർമാണത്തിനുമായി 5 കോടി രൂപ അനുവദിക്കുകയും നിർമാണം പുരോഗമിച്ചുവരുകയും ചെയ്യുന്നു.<br>2) അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് നിർമാണത്തിനായി 35 ലക്ഷം രൂപ അനുവദിക്കുകയും, ആയതിന്റെ നിർമാണം പുരോഗമിക്കുകയും ചെയ്യുന്നു.<br>3) എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻറർ നിർമിക്കുന്നതിനായി 84 ലക്ഷം രൂപ അനുവദിക്കുകയും നിർമാണം പൂർത്തിയായിരിക്കുകയുമാണ്.<br>4) അവയർനെസ് സെന്റർ കം കണ്ടീഷനിംഗ് ചേമ്പർ കം സെയിൽസ് കൗണ്ടർ നിർമിക്കുന്നതിന് 32.65 ലക്ഷം രൂപ അനുവദിക്കുകയും നിർമാണം പൂർത്തിയായിരിക്കുകയുമാണ്.<br>5) സൈപ്രിനസ് മത്സ്യക്കുഞ്ഞുങ്ങളുടെ റിയറിംഗിനായി 10 മൺ കുളങ്ങൾ നവീകരിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുകയും നിർമാണം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. |
| ബി) ഏതെല്ലാം ഇനങ്ങളിലുള്ള മത്സ്യങ്ങളാണ് അവിടെ നിന്ന് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ, | ബി) കട്‌ല, രോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ് കാർപ്പ് തുടങ്ങിയ കാർപ്പിനങ്ങളും ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളുമാണ് ഇവിടെ നിന്നും ലഭ്യമാകുന്നത്. |

| | |
|---|---|
| സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷിയുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അതിന്റെ ഭാഗമായി എത്രത്തോളം പുതിയ കർഷകർ ഉൾനാടൻ മത്സ്യകൃഷിയിൽ വ്യാപൃതരായിട്ടുണ്ട് എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ? | സി) ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായി ജനകീയ മത്സ്യകൃഷി എന്ന ബൃഹത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ആറന്മുള നിയോജകമണ്ഡല പരിധിയിൽ വിവിധ ഘടക പദ്ധതികളിലായി 227 കർഷകർ മത്സ്യകൃഷി ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**